പാർപ്പിട സമുച്ചയ പദ്ധതി

202 (2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി ഒരു വീട് നിർമ്മിച്ചു നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നത് എന്ന് പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തിന്റെ വിസ്തൃതി ചുരുങ്ങി വരുന്നതിനാൽ ഇത്തരം വിഭാഗങ്ങളിൽപ്പെടുന്നവർക്കായി പാർപ്പിട സമുച്ചയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി വീട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളാണ് സാഫല്യം ഭവന പദ്ധതിയും ഗൃഹശ്രീ ഭവന പദ്ധതിയും. ടി പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

സാഫല്യം ഭവനപദ്ധതി :

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടു കൂടിയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. 280 ച. മീറ്റർ വിസ്തീർണ്ണമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണച്ചെലവ് 3.50 ലക്ഷം രൂപയാണ്. ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പയും, 25000 രൂപ സന്നദ്ധ സംഘടനാ വിഹിതവും, 25000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ സ്ഥലങ്ങളിലും പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. വായ്പയായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ സമാഹരിക്കുന്നതിന് പകരം പഞ്ചായത്ത് വിഹിതമായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ ലഭ്യമാക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ ഭവന പദ്ധതി :

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാനവിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ വിഭാഗക്കാർക്ക് ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ ഫ്ലാറ്റ് സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. കൂടാതെ താഴ്ന്നവരുമാനക്കാർക്കായി പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 2 ലക്ഷം രൂപ പഞ്ചായത്ത് ഗുണഭോക്താക്കൾക്കുവേണ്ടി വായ്പ സമാഹരിച്ച ലഭ്യമാക്കേണ്ടതും ബാക്കി 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും ലഭ്യമാക്കിയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ഭവന പദ്ധതികൾ

203 (2441) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം; ഇവയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ ഇനം തിരിച്ച് വിശദമാക്കുമോ ;